©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
വ്യാഴം
Thiruvananthapuram,
Thursday

2026 ജൂൺ 11
11th June 2026
1201 ഇടവം 28
28th Idavam 1201
1948 ജ്യേഷ്ഠം 21
21st Jyaishta 1948

നമ്പർ
No.
1810

ഫാറം നമ്പർ 7

[ചട്ടം 18(1) കാണുക]

വകുപ്പ് 11(1) പ്രകാരം പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം

DCPKD/989/2025-C2

2026 ജൂൺ9, പാലക്കാട്

കേരള സർക്കാർ 23/12/2024 തീയതിയിലെ G.O.(Rt) No. 3072/2024/RD നമ്പർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ കണ്ണമ്പ്ര -1 വില്ലേജിൽ പാഡി പൊക്യൂർ മെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സൊസൈറ്റി (പാപ്കോസ്)- ആധുനിക റൈസ് മിൽ പദ്ധതിയ്ക്ക് വേണ്ടിയുള്ള റോഡ് വികസനപദ്ധതിയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

RFCTLARR ആക്ട് 2013 പ്രകാരം ഉത്തരവാകുകയും കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ ലാന്റ് അക്വിസിഷൻ എൽ.എ(കിഫ്ബി) സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരുന്നതിനാലും;

ഈ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുനരധിവാസത്തിനും പുന :സ്ഥാപനത്തിനുമുള്ള ആവശ്യം വരുന്ന പക്ഷം പലക്കാട് ജില്ലകളക്ടർ അഡ്മിനിസ്ട്രേറ്ററായി ലാന്റ് അക്വിസിൻ ഡെപ്യൂട്ടികളക്ടറെ നിയമിച്ചിരുന്നതിനാലും ;

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് , അതായത്, പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിൽ കണ്ണമ്പ്ര -1 വില്ലേജിൽ പാഡി പൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സൊസൈറ്റി (പാപ്കോസ്)- ആധുനിക റൈസ് മിൽ പദ്ധതിയുടെ ഭാഗമായി 8 മീറ്റർ റോഡ് വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടാകുവാൻ ഇടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ തന്മൂലം, അതുമായി ബന്ധപ്പെട്ട് എല്ലാപേർക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് വകുപ്പ് 11 ലെ ഉപവകുപ്പ് (1) ലെ വ്യവസ്ഥകൾ ക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

എൽ.എ.ആർ ആർ ആക്ട് 2013 പ്രകാരം പൊന്നും വിലയ്ക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ , ഇതു സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ , ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ ലാന്റ് അക്വിസിഷൻ കിഫ്ബി പാലക്കാട് മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും സ്ഥലത്തിലുള്ള താൽപര്യവും, തടസ്സവാദവും, വ്യക്തമായും സംശയലേശമന്യേ വിശദീകരിക്കാത്തതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

SCHEDULE

പാഡി പൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സൊസൈറ്റി (പാപ്കോസ്)- ആധുനിക റൈസ് മിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന ഭൂമി സംബന്ധിച്ച വിശദാംശങ്ങൾ

(ഏകദേശ വിസ്തീർണ്ണമാണ് ചേർത്തിരിക്കുന്നത്)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ജില്ല: പാലക്കാട് *താലൂക്ക്: ആലത്തൂർ* *വില്ലേജ് - കണ്ണമ്പ്ര -1*

ക്രമനമ്പർ	ബ്ലോക്ക്	സർവേ നമ്പർ	വിവരണം(ഭൂമിയുടെ തരം)	വിസ്തീർണ്ണം (ഹെക്ടറിൽ)	കൈവശക്കാരുടെ വിവരങ്ങൾ	ഏത് പൊതു ആവശ്യത്തിനാണെന്ന വിവരം	ബാധിക്കപ്പെട്ട കുടുംബങ്ങളെ കുടിയൊഴിപ്പിക്കാനുള്ള കാരണം
1	35	269/4	പുരയിടം	0.1280	ജോമി സേവ്യർ, കുടക്കശ്ശേരി ഹൗസ്, മാങ്ങോട്	പാഡി പൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സൊസൈറ്റി (പാപ്കോസ്)- ആധുനിക റൈസ് മിൽ പദ്ധതിയുടെ ഭാഗമായി 8 മീറ്റർ റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന്	പാഡി പൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സൊസൈറ്റി (പാപ്കോസ്)- ആധുനിക റൈസ് മിൽ പദ്ധതിയുടെ ഭാഗമായി 8 മീറ്റർ റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന്
2	35	269/4	പുരയിടം	0.0580	ടിയ ത്രേസ്യ ജോമി D/o ജോമി സേവ്യർ, കുടക്കശ്ശേരി ഹൗസ്, മാങ്ങോട്		
3	35	269/4	പുരയിടം	0.0680	കെ.ജെ.ജോസ് S/o കെ.എം. ജോസഫ്, കുടക്കശ്ശേരി ഹൗസ്, വാക്കോട്, വടക്കഞ്ചേരി		
4	35	269/12	പുരയിടം	.0610	സെബസ്റ്റ്യൻ ആന്റണി, മായിത്തറ ഹൗസ്, വള്ളിയോട് , വടക്കഞ്ചേരി		
5	35	269/4	പുരയിടം	0.0500	മെബിൻ തോമസ്S/o , തോമസ്, തൈപറമ്പിൽ ഹൗസ്, പരുവാശ്ശേരി(പി.ഒ),വടക്കഞ്ചേരി		

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6	35	269/4	പുരയിടം	0.0120	ജെസ്സി തോമസ് W/o തോമസ്, തൈപ്പറമ്പിൽ ഹൗസ്, പരുവാശ്ശേരി(പി.ഒ),വടക്കഞ്ചേരി		
7		269/4	നാളത് പുറമ്പോക്ക്	0.0060	റോഡ്		
8		269/4	പുരയിടം	0.0400	ജോണി ജോസഫ്, കുടക്കശ്ശേരി ഹൗസ്, അയർക്കുന്നം, കോട്ടയം,		
9		269/4	പുരയിടം	0.0520	രാജ് മാത്യു അബ്രഹാം, കുടക്കശ്ശേരിയിൽ വീട്, മുട്ടമ്പലം(പി.ഒ), കോട്ടയം		
ആകെ				0.475			

<u>സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് സംഗ്രഹം</u>

പാലക്കാട് ജില്ലയിൽ പാഡി പ്രോക്യൂർമെന്റ് & പ്രോസസ്സിംഗ് മാർക്കറ്റിംഗ് സഹകരണസംഘത്തിന്റെ കീഴിൽ ആരംഭിക്കുന്ന ആധുനിക റൈസ് മിൽ പദ്ധതിയുടെ ഭാഗമായി 8 മിറ്റർ വിതിയിൽ റോഡ് വികസിപ്പിക്കുന്നതിന് ഏറ്റവും അനിയോജ്യവും കുറഞ്ഞ് അളവിലുമുള്ള ഭൂമിയാണ് സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. ടി പദ്ധതിയ്ക്കായി 5 സർവേ നമ്പരുകളിലായി 10 ആഘാതബാധിതർ മാത്രമാണ് ഉള്ളത്. അതിൽ 7 ഭൂടമസ്ഥരുടെ ഭൂമി മാത്രം ഏറ്റെടുത്തുകൊണ്ട് ഈ റോഡ് വികസനം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്. ഏറ്റെടുക്കുന്ന ഭൂമിയിൽ നിലവിൽ നിർമ്മിതികൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ പുനരധിവാസ പു:നസ്ഥാപന നടപടികൾ ആവശ്യമായി വരുന്നില്ല. പദ്ധതി യാഥാർത്ഥയമാകുന്നതിലൂടെ പാഡി പ്രോക്യൂർമെന്റ് & പ്രോസസ്സിംഗ് മാർക്കറ്റിംഗ് സഹകരണസംഘത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് വേഗത വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ യാത്ര സൗകര്യം മെച്ചപ്പെടുത്തുന്നതിനും പാലക്കാട് ജില്ലയിലെ നെൽകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഭാവിയിൽ സഹകരണസംഘത്തിന്റെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വളർച്ചയനുസരിച്ച് നടക്കുന്ന വികസന പ്രവർത്തനങ്ങൾക്കും ഇത്തരത്തിലെ ബൃഹത്ത് പദ്ധതിയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിനും ടി ഭൂമി ഏറ്റെടുക്കുന്നതിലൂടെ സാധ്യമാകുന്നു. ആയതിനാൽ പാഡി പ്രോക്യൂർമെന്റ് & പ്രോസസ്സിംഗ് മാർക്കറ്റിംഗ് സഹകരണസംഘത്തിന്റെ കീഴിൽ ആരംഭിക്കുന്ന ആധുനിക റൈസ് മിൽ പദ്ധതിയുടെ ഭാഗമായി 8 മിറ്റർ വിതിയിൽ റോഡ് വികസിപ്പിക്കുന്ന പദ്ധതി ഒരു പൊതു ആവശ്യമാണ്.

ജില്ലാകളക്ടർ,
പാലക്കാട്

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.06.11 07:07:36 +05:30